**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2606** **07-07-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിച്ചോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | സസ്പെൻഷനിലായിരുന്ന വകുപ്പ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് പിൻവലിച്ചിട്ടുള്ളത്. |
| (ബി) | ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സസ്പെൻഷനിലായിരുന്ന 16 വകുപ്പ് ഉദ്യോഗസ്ഥരിൽ 8 ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി തുടർന്നുവരുന്നു. |
| (സി) | എങ്കിൽ തട്ടിപ്പ് നടത്തിയവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുള്ളത് ചില ഭരണ സമിതി അംഗങ്ങളും ബാങ്ക് ജീവനക്കാരും ചേർന്നാണ്. |

സെക്ഷൻ ഓഫീസർ